പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **3078** **23.03. 2015-** ലെ മറുപടി

## ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലടക്കപ്പെട്ട മലയാളികൾക്ക് നിയമ സഹായം നൽകുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. പാലോട് രവി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലടക്കപ്പെട്ട മലയാളികൾക്ക് നിയമ സഹായം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വാഹന ചെലവും വഹിക്കുന്നതിലേയ്ക്കായി പ്രവാസി നിയമസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ദ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ബി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ബി) പദ്ധതി നടപ്പാക്കുന്നതിനായി എംബസ്സിയുമായി സർക്കാർ തലത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. എംബസിയുടെ സഹകരണത്തോടെ ലീഗൽ അസിസ്റ്റൻസ് അർഹരായവർക്ക് ലഭ്യമാക്കുന്നതാണ് പദ്ധതി. പദ്ധതിയുടെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ